സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 53 2025 മെയ് 12 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

പാവറട്ടി തിരുന്നാളിനിടെ സംഘട്ടനം : ഒരാൾക്ക് താക്കോൽകൊണ്ട് കുത്തേറ്റു

പാവറട്ടി: തിരുനാളിന്റെ ഭാഗമായി വള എഴുന്നള്ളിപ്പ് കൊണ്ടുവരുന്നതിനിടെ സംഘട്ടനത്തിൽ താക്കോൽകൊണ്ട് തലയിൽ കുത്തേറ്റ് ഒരാൾക്ക് പരിക്ക്. ഗുരുവായൂർ സ്വദേശി ലിറോയ് ജോഷി (22) എന്ന യുവാവിനാണ് ആണ് പരിക്കേറ്റത്. ഇയാളെ ആദ്യം പാവറട്ടിയിലെ സ്വകാര്യ ആശുപത്രിയിലും, തുടർന്ന് തൃശ്ശൂരിലെ ആശുപത്രിയിലും പ്രവേശിപ്പിച്ചു. രാത്രി 12 മണിയോടെ പാവറട്ടി പള്ളിനടയിൽ വെച്ചാണ് സംഭവം. ഒരു ക്ലബിന്റെ വരവ് ആഘോഷ പരിപാടിയിൽ സുഹൃത്തുക്കളുമായി ഡാൻസ് കളിച്ചിരുന്ന ലിറോയും മറ്റൊരാളും ദേഹത്ത് തട്ടിയതിനെ തുടർന്ന് തുടങ്ങിയ തർക്കത്തിനിടെയാണ് ലിറോയ്ക്ക് തലയുടെ പിറകിൽ താക്കോൽ കൊണ്ട് കുത്തേറ്റത്.

പാകിസ്താൻ വലിയ ആക്രമണത്തിന് ഒരുങ്ങുന്നുവെന്ന് യുഎസ്; വിനാശകരമായ പ്രത്യാഘാതമെന്ന് മോദിയുടെ മറുപടി

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിന് പിന്നാലെയുണ്ടായ ഇന്ത്യ-പാക് സംഘർഷത്തിൽ യുഎസ് ഇടപെട്ടിരുന്നു. സമാധാന ശ്രമങ്ങളുടെ ഭാഗമായി മെയ് ഒമ്പതിന് വെള്ളിയാഴ്ച യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഫോണിൽ സംസാരിച്ചിരുന്നു. ഇന്ത്യയ്ക്കെതിരെ വലിയ ആക്രമണത്തിന് പാകിസ്താൻ തയ്യാറെടുക്കുന്നതായും സംഘർഷം ലഘൂകരിക്കാൻ വെടിനിർത്തൽ ഉണ്ടാകണമെന്നും ജെ.ഡി. വാൻസ് അഭ്യർഥിച്ചു. എന്നാൽ, പാകിസ്താന്റെ ഏത് പ്രകോപനത്തിനും തിരിച്ചടി കനത്തതായിരിക്കുമെന്നാണ് മോദി നൽകിയ മറുപടിയെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ.

ഇന്ത്യയെ ആക്രമിക്കാൻ പാകിസ്താൻ തയ്യാറെടുക്കുന്നുവെങ്കിൽ വിനാശകരമായ പ്രത്യാഘാതമാകും പാകിസ്താന് നേരിടേണ്ടിവരികയെന്ന് മോദി തറപ്പിച്ചു പറഞ്ഞുവെന്നാണ് ഹിന്ദുസ്ഥാൻ ടൈംസ് റിപ്പോർട്ടിൽ പറയുന്നത്.

പാകിസ്താൻ ആക്രമിച്ചാൽ കൂടുതൽ ശക്തിയോടെ വിനാശകരമായ രീതിയിൽ ഇന്ത്യ തിരിച്ചടിക്കുമെന്ന് മോദി വ്യക്തമാക്കി. യുഎസ് അറിയിക്കുന്നതിനും മുമ്പെ ഇന്ത്യ ലക്ഷ്യമാക്കി പാക് സൈന്യത്തിന്റെ നീക്കങ്ങൾ നേരത്തെ തന്നെ ഇന്ത്യ തിരിച്ചറിഞ്ഞിരുന്നു. ഇത് കണക്കിലെടുത്തുള്ള തയ്യാറെടുപ്പും ഇന്ത്യയുടെ ഭാഗത്തുനിന്നുമുണ്ടായി. വെള്ളിയാഴ്ച വീണ്ടും പാകിസ്താന്റെ ഭാഗത്തുനിന്ന് പ്രകോപനം ഉണ്ടായതോടെ ഇന്ത്യ തിരിച്ചടി കടുപ്പിച്ചു.

പാകിസ്താൻ വ്യോമതാവളങ്ങളും സൈനിക കേന്ദ്രങ്ങളും റഡാർ സ്റ്റേഷനുകളുമടക്കം തകർത്താണ് ഇന്ത്യ മറുപടി നൽകിയത്. പാകിസ്താൻ ആർമിയുടെ തലസ്ഥാനമായ റാവൽപിണ്ടിയിലും ഇന്ത്യ ആക്രമണം നടത്തി. ഇന്ത്യയുടെ ആക്രമണം തടയാൻ പാകിസ്താന് സാധിച്ചുമില്ല. പിന്നാലെ പാകിസ്താൻ വെടിനിർത്തലിന് സന്നദ്ധത അറിയിച്ച് വിദേശരാജ്യങ്ങളെ സമീപിച്ചു. വിഷയം യുഎസ് ഇന്ത്യയെ അറിയിച്ചെങ്കിലും സൈനിക നടപടി സംബന്ധിച്ച എന്ത് ചർച്ചയും ഡിയറക്ടർ ജനറൽ ഓഫ് മിലിട്ടറി ഓപ്പറേഷൻ (ഡിജിഎംഒ) തലത്തിൽ മാത്രമേ നടക്കുവെന്ന് ഇന്ത്യ വ്യക്തമാക്കി. അതല്ലാതൊരു ചർച്ചയും നടക്കില്ലെന്നും അറിയിച്ചു.

ഇതോടെ യുഎസ് ഉപദേശപ്രകാരമാണ് പാക് ഡിജിഎംഒ ഇന്ത്യയിലെ ഡിജിഎംഒയെ വിളിക്കുന്നതും വെടിനിർത്തലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതും. എന്നാൽ, വെടിനിർത്തൽ ധാരണയുണ്ടായെങ്കിലും ഇരുരാജ്യങ്ങളും തമ്മിലുണ്ടായ ധാരണയെ വെടിനിർത്തൽ എന്ന് ഇന്ത്യ ഔദ്യോഗികമായി വിശേഷിപ്പിക്കാത്തതും ശ്രദ്ധേയമായി. ഓപ്പറേഷൻ സിന്ദൂർ അവസാനിച്ചിട്ടില്ല, ഇപ്പോൾ നമ്മൾ പുതിയൊരു അവസ്ഥയിലെത്തിയെന്നുമാണ് ഇന്ത്യ ഔദ്യോഗികമായി പറഞ്ഞത്. പാകിസ്താൻ വെടിനിർത്തൽ കരാറുകൾ ലംഘിച്ച പാരമ്പര്യമുള്ളത് ചൂണ്ടിക്കാട്ടിയാണ് ഇന്ത്യ ഇങ്ങനെയൊരു തീരുമാനത്തിലെത്തിയതെന്ന് വേണം കണക്കാക്കാൻ. അതായത് എപ്പോൾ വേണമെങ്കിലും പാകിസ്താൻ ധാരണകൾ ലംഘിക്കാം. അതിനാൽ ഓപ്പറേഷൻ സിന്ദൂർ അവസാനിപ്പിച്ചിട്ടില്ല എന്നർഥം.

പഹൽഗാം ഭീകരാക്രമണത്തിന് പിന്നിലുള്ളവരെ കണ്ടെത്തി ആക്രമിക്കുമെന്ന് ഇന്ത്യ തുടക്കം മുതൽ തന്നെ വ്യക്തമാക്കിയിരുന്നു. അതിന് പകരം ഇന്ത്യയെ പ്രകോപിപ്പിക്കാൻ ശ്രമിച്ചാൽ ഓരോ തവണയും ശക്തമായി തന്നെ തിരിച്ചടിയുണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. സന്ദേശം വ്യക്തമായി നൽകിയിരുന്നതാണ്. നിങ്ങൾ പ്രകോപിപ്പിച്ചാൽ ശക്തമായി തിരിച്ചടിക്കും. നിങ്ങൾ നിർത്തിയാൽ ഞങ്ങളും നിർത്തും– പ്രതിരോധവൃത്തങ്ങളെ ഉദ്ധരിച്ച് റിപ്പോർട്ടിൽ പറയുന്നു.

സംഘർഷത്തിനിടെ അടച്ച 32 വിമാനത്താവളങ്ങൾ തുറന്നു; വിമാന സർവീസ് ആരംഭിച്ചു

ന്യൂഡൽഹി: പാകിസ്താനുമായുള്ള സംഘർഷം രൂക്ഷമായതിനെത്തുടർന്ന് വ്യോമാതിർത്തി നിയന്ത്രണങ്ങൾ കാരണം അടച്ചിട്ടിരുന്ന ഇന്ത്യയുടെ വടക്ക്, വടക്ക് പടിഞ്ഞാറൻ മേഖലകളിലെ 32 വിമാനത്താവളങ്ങൾ വീണ്ടും തുറന്നു.

ശ്രീനഗർ, ചണ്ഡീഗഡ്, അമൃത്സർ എന്നിവയുൾപ്പെടെയുള്ള ഈ വിമാനത്താവളങ്ങളിൽ വിമാന സർവീസ് പുനരാരംഭിച്ചിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു. സംഘർഷത്തെ തുടർന്ന് മെയ് 15 വരെ വിമാനത്താവളങ്ങൾ താത്കാലികമായി അടച്ചിടാനായിരുന്നു നേരത്തെ തീരുമാനിച്ചത്. എന്നാൽ, വെടിനിർത്തൽ പ്രാബല്യത്തിൽ വന്നതോടെയാണ് തുറക്കാൻ തീരുമാനിച്ചത്.

യാത്രക്കാർ വിമാനങ്ങളുടെ ലഭ്യതയും സർവീസും സംബന്ധിച്ച വിവരങ്ങൾക്ക് വിമാന കമ്പനി അധികൃതരെ നേരിട്ട് സമീപിക്കുകയും അവരുടെ വെബ്സൈറ്റ് വഴിയുള്ള അപ്ഡേറ്റുകൾ പരിശോധിക്കുകയും വേണമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചു.

പാകിസ്താനുമായുള്ള സംഘർഷം ആരംഭിച്ചതിന് പിന്നാലെ ആദ്യം 24 വിമാനത്താവളങ്ങളായിരുന്നു അടച്ചത്. സംഘർഷം രൂക്ഷമായതിന് പിന്നാലെ അടച്ചിട്ട വിമാനത്താവളങ്ങളുടെ എണ്ണം 32 ആയി ഉയർന്നു. പഹൽഗ്രാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പാകിസ്താനിലും പാക് അധീന കശ്മീരിലും ഇന്ത്യ നടത്തിയ ഓപ്പറേഷൻ സിന്ദൂറിന്റെ ഭാഗമായിട്ടായിരുന്നു നടപടികൾ.

വേദിയിൽ കുഴഞ്ഞുവീണ് നടൻ വിശാൽ; ആരോഗ്യനില തൃപ്തികരം

തമിഴ്നാട്ടിൽ നടന്ന ഒരു പരിപാടിക്കിടെ വേദിയിൽ കുഴഞ്ഞുവീണ് നടൻ വിശാൽ. ഞായറാഴ്ച നടന്ന സംഭവത്തിന്റെ വീഡിയോ ദൃശ്യങ്ങൾ ഓൺലൈനിൽ പ്രചരിക്കുണ്ട്. വിഴുപുരത്ത് നടന്ന പരിപാടിക്കിടെയാണ് നടൻ കുഴഞ്ഞുവീണത്. അദ്ദേഹത്തെ ഉടൻ ആശുപത്രിയിൽ എത്തിച്ചു. നിലവിൽ അദ്ദേഹത്തിന്റെ ആരോഗ്യനില തൃപ്തികരമാണ്.

ട്രാൻസ്ജെൻഡർ സമൂഹത്തിനുവേണ്ടി സംഘടിപ്പിച്ച മിസ് കൂവഗം പരിപാടിയിൽ മുഖ്യാതിഥിയായാണ് വിശാൽ പങ്കെടുത്തതെന്ന് ഇന്ത്യ ടുഡേ റിപ്പോർട്ടുചെയ്തു. ആരാധകരും സംഘാടകരും ചേർന്നാണ് പ്രഥമശുശ്രൂഷ നൽകി അദ്ദേഹത്തെ ആശുപത്രിയിലെത്തിച്ചത്. മുൻ മന്ത്രി കെ. പൊൻമുടി അദ്ദേഹത്തിന് അടിയന്തര വൈദ്യസഹായം ഉറപ്പാക്കുകയും ആശുപത്രിയിലെത്തിക്കുകയും ചെയ്തിരുന്നു. പരിപാടിക്ക് മുമ്പ് വിശാൽ ജ്യൂസ് മാത്രമാണ് കഴിച്ചിരുന്നതെന്നാണ് വിവരം. ഇതാകാം പെട്ടെന്ന് കുഴഞ്ഞുവീഴാൻ കാരണമായതെന്ന് വിലയിരുത്തപ്പെടുന്നു.

കഴിഞ്ഞ ജനുവരിയിൽ അദ്ദേഹത്തിന് ഡെങ്കിപ്പനി ബാധിച്ചിരുന്നു. അതിനിടെ, തന്റെ 'മദ ഗജ രാജ' എന്ന സിനിമയുടെ പ്രൊമോഷൻ പരിപാടിയിൽ പങ്കെടുത്ത അദ്ദേഹത്തെ തീർത്തും അവശനായാണ് കാണപ്പെട്ടത്. നിൽക്കാൻ തന്നെ അദ്ദേഹത്തിന് പരസഹായം വേണ്ടിവന്നിരുന്നു. മൈക്ക് പിടിക്കുമ്പോൾ കൈ വിറയ്ക്കുന്ന ഒരു വീഡിയോ ദൃശ്യം പുറത്തുവന്നത് ആരാധകരെ ആശങ്കപ്പെടുത്തിയിരുന്നു. പിന്നീട്, വിശാൽ തന്റെ ആരോഗ്യസ്ഥിതി സംബന്ധിച്ച അഭ്യൂഹങ്ങൾക്ക് മറുപടി നൽകുകയും പ്രസ്താവന പുറത്തിറക്കുകയും ചെയ്തിരുന്നു. തന്റെ ആരോഗ്യസ്ഥിതി സംബന്ധിച്ച് പ്രചരിക്കുന്ന അഭ്യൂഹങ്ങൾ അദ്ദേഹം പ്രസ്താവനയിൽ തള്ളിക്കളഞ്ഞിരുന്നു.

'പിണറായി സർക്കാരിനെ താഴെയിറക്കാൻ കഴിയുമെന്ന പൂർണ വിശ്വാസമുണ്ട്, സുധാകരനുമായി സഹോദര ബന്ധം'

തിരു : സമൂഹത്തിലെ എല്ലാ വിഭാഗം നേതാക്കളുമായും സംസാരിക്കുമെന്നും താൻ ഏതെങ്കിലും സമുദായത്തിന്റെ പ്രതിനിധിയല്ലെന്നും കെ പിസിസി പ്രസിഡന്റ് സണ്ണി ജോസഫ്. കോൺഗ്രസിന്റെ കരുത്ത് അനുഭാവികളാണെന്നും രാഷ്ട്രീയ വെല്ലുവിളികൾ പഠിച്ച് നേരിടുമെന്നും അദ്ദേഹം വ്യക്തമാക്കി. ഒരു സ്വകാര്യ ചാനലിന് നൽകിയ അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കെ സുധാകരനുമായി സഹോദര ബന്ധമാണുള്ളത്. പ്രഖ്യാപനം വരുംമുമ്പ് സുധാകരനെ കണ്ടിരുന്നു. ഡിസിസി പുനഃസംഘടന ആലോചിച്ച് മാത്രമേ ചെയ്യൂ. ഗ്രൂപ്പിസം ഇല്ലാതായത് ഏറെ ഗുണകരമാണ്. ഒരു നേതാവും ഇപ്പോൾ ഗ്രൂപ്പിസം പ്രമോട്ട് ചെയ്യുന്നില്ല. പിണറായി സർക്കാരിനെ താഴെയിറക്കാൻ കഴിയുമെന്ന പൂർണ വിശ്വാസമുണ്ട്.

കേരളത്തിൽ ഇന്ന് യുഡിഎഫ് കൂടുതൽ ശക്തമാണ്. ഉത്തരവാദിത്തം ഏൽപ്പിച്ചതിൽ കടപ്പാട് പാർട്ടി നേതൃത്വത്തോടാണ്. അദ്ധ്യക്ഷനാവാൻ ഒരു ശ്രമവും നടത്തിയിട്ടില്ല. പിണറായി വിജയന് കേരളത്തിൽ പ്രത്യേകമായി ഒരു ഇമേജും ഇല്ല. കുടുംബത്തിനെതിരെ ഉയർന്ന ആരോപണങ്ങൾക്ക് മറുപടി പറയാൻ മുഖ്യമന്ത്രിക്ക് കഴിയുന്നില്ല– സണ്ണിജോസഫ് പറഞ്ഞു.

അതേസമയം, കെപിസിസിയുടെ കടിഞ്ഞാൺ ഇന്നു മുതൽ പുതിയ നേതൃനിരയുടെ കരങ്ങളിൽ. രാവിലെ ഇന്ദിരാഭവനിൽ പുതിയ ഭാരവാഹികൾ ചുമതലയേറ്റു. മുതിർന്ന നേതാക്കളെ കണ്ട് അനുഗ്രഹം വാങ്ങിയും മൺമറഞ്ഞ നേതാക്കളുടെ സ്മൃതിമണ്ഡപങ്ങളിൽ പുഷ്പാർച്ചന നടത്തിയും പുതിയ കെപിസിസി അദ്ധ്യക്ഷൻ സണ്ണിജോസഫ് എം എൽഎയും വർക്കിംഗ് പ്രസിഡന്റുമാരായ എപി അനിൽകുമാർ, പിസി വിഷ്ണുനാഥ്, ഷാഫി പറമ്പിൽ എന്നിവരും ഇന്നലെ വൈകിട്ട് തലസ്ഥാനത്തെത്തി.

യുഡിഎഫ് കൺവീനറായി നിയമിതിനായ അടൂർപ്രകാശ് വെള്ളിയാഴ്ച മുതിർന്ന നേതാക്കളെ കാണുകയും ഉമ്മൻചാണ്ടിയുടെ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തുകയും ചെയ്തിരുന്നു.

ഓപ്പറേഷൻ സിന്ദൂറിനെതിരായ പോസ്റ്റ്; റിജാസിന്റെ വീട്ടിൽ നിന്ന് പെൻഡ്രൈവും ഫോണും പിടിച്ചെടുത്തു

കൊച്ചി: ഓപ്പറേഷൻ സിന്ദൂറിനെതിരെ സമൂഹ മാദ്ധ്യമത്തിൽ പോസ്റ്റിട്ടതിന് അറസ്റ്റിലായ സ്വതന്ത്ര മാദ്ധ്യമപ്രവർത്തകൻ റിജാസിന്റെ വീട്ടിൽ പൊലീസും ഭീകര വിരുദ്ധ സേനയും സംയുക്ത പരിശോധന നടത്തി. ഇന്നലെ രാത്രിയാണ് നാഗ്പൂർ പൊലീസും സംസ്ഥാന ഭീകരവിരുദ്ധ സേനയും സംസ്ഥാന പൊലീസും റിജാസിന്റെ കൊച്ചിയിലെ വീട്ടിലെത്തി പരിശോധന നടത്തിയത്.

റിജാസിന്റെ വീട്ടിൽ നിന്ന് മഹാരാഷ്ട്ര പൊലീസ് ഡിജിറ്റൽ തെളിവുകൾ ശേഖരിച്ചു. പെൻഡ്രൈവും ഫോണും പുസ്തകങ്ങളും പിടിച്ചെടുത്തു. വിശദമായ പരിശോധന നടത്താനാണ് മഹാരാഷ്ട്ര പൊലീസിന്റെ നീക്കം. പൊലീസ് സംഘം കൊച്ചിയിൽ തുടരുകയാണ്.

പഹൽഗാം ഭീകരാക്രമണത്തിന് ശേഷം റിജാസിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ യുദ്ധവിരുദ്ധ റാലി സംഘടിപ്പിക്കാനുള്ള നീക്കം നടത്തിയിരുന്നു. പനമ്പിള്ളി നഗറിലാണ് ഇത് നടത്താൻ തീരുമാനിച്ചിരുന്നത്. എന്നാൽ, പൊലീസ് ഇടപെട്ട് റിജാസിനെ കസ്റ്റഡിയിലെടുക്കുകയായിരുന്നു എന്നാണ് വിവരം. ഈ കേസുമായി ബന്ധപ്പെട്ട വിവരങ്ങളും മഹാരാഷ്ട്ര പൊലീസ് ശേഖരിച്ചിട്ടുണ്ട്. മാത്രമല്ല, റിജാസിന് കൊച്ചിയിലുള്ള ബന്ധങ്ങളെപ്പറ്റിയും പൊലീസ് അന്വേഷിക്കുന്നുണ്ട്. ഇയാളുടെ സാമൂഹിക മാദ്ധ്യമ അക്കൗണ്ടുകളും മറ്റ് ഇടപെടലുകളുമെല്ലാം വിശദമായി പൊലീസ് പരിശോധിച്ചുവരികയാണ്.

കഴിഞ്ഞ ദിവസാണ് റിജാസിനെയും സുഹൃത്തിനെയും നാഗ്പൂരിൽ നിന്ന് പൊലീസ് അറസ്റ്റ് ചെയ്തത്. സുഹൃത്തിനെ പിന്നീട് വിട്ടയച്ചെങ്കിലും റിജാസ് നിലവിൽ പൊലീസ് കസ്റ്റഡിയിലാണുള്ളത്. ഇന്ത്യൻ സൈന്യത്തിനെതിരെ മുദ്രാവാക്യം പോസ്റ്റ് ചെയ്തതിന് കലാപാഹ്വാനം ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തിയാണ് റിജാസിനെതിരെ കേസെടുത്തിരിക്കുന്നത്.

ജിയോയ്ക്ക് വൻതിരിച്ചടി; ആറ് മാസം കാലാവധിയുള്ള പ്ലാനുമായി ബിഎസ്എൻഎൽ

മുംബയ്: സ്വകാര്യ ടെലികോം കമ്പനികളായ ജിയോയും എയർടെലും പ്രീപെയ്ഡ്, പോസ്റ്റ്പെയ്ഡ് സേവനങ്ങൾക്കായുള്ള താരിഫുകൾ അടുത്തിടെ വർദ്ധിപ്പിച്ചിരുന്നു. ഈ സമയത്ത് ഉപയോക്താക്കൾക്ക് തുണയായി മാറിയത് ബിഎസ്എൻഎല്ലിന്റെ നിരവധി പ്ലാനുകളാണ്. ഉപയോക്താക്കൾക്ക് താങ്ങാവുന്ന നിരക്കിലുള്ളതും ദീർഘകാല വാലിഡിറ്റിയുമുള്ള നിരവധി പ്ലാനുകളാണ് ബിഎസ്എൻഎല്ലിനുള്ളത്. ഇന്ത്യയിൽ 5ജി സേവനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള തയ്യാറെടുപ്പിലാണ് ബിഎസ്എൻഎൽ.

ഇപ്പോഴിതാ സ്വകാര്യ കമ്പനികളെ ഞെട്ടിപ്പിച്ചുകൊണ്ട് പുതിയ പ്ലാൻ അവതരിപ്പിച്ചിരിക്കുകയാണ് ബിഎസ്എൻഎൽ. 180 ദിവസത്തെ വാലിഡിറ്റിയുള്ള പ്ലാനാണ് ബിഎസ്എൻഎൽ അവതരിപ്പിച്ചിരിക്കുന്നത്. വീണ്ടും വീണ്ടും റീചാർജ് ചെയ്ത് മടുത്തവർക്ക് ഇത് നല്ലൊരു ഓപ്ഷനാണ്. 897 രൂപയുടെ പ്ലാനാണിത്. അതായത് ആറ് മാസത്തെ സർവീസ് വാലിഡിറ്റിയും ഈ പ്ലാൻ വാഗ്ദാനം ചെയ്യുന്നുണ്ട്.

ഉപയോക്താക്കൾക്ക് എല്ലാ നെറ്റ്വർക്കുകളിലേക്കും ആറ് മാസത്തെ അൺലിമിറ്റഡ് കോളിംഗിനുള്ള സൗകര്യമുണ്ട്. അതായത് ഒരു തവണ റീചാർജ് ചെയ്താൽ ആറ് മാസത്തേക്ക് കോളിംഗ് സൗകര്യമുണ്ട്. പ്രതിദിന ഡാറ്റ പരിധിയില്ലാതെ തന്നെ 90 ജിബി ഡാറ്റ സംവിധാനമുണ്ട്. എല്ലാ ദിവസവും 100 സൗജന്യ എസ്എംഎസുകളും ലഭിക്കും.

അതേസമയം, ബിഎസ്എൻഎല്ലിന് മികച്ച മറുപടിയായി മാറുകയാണ് ജിയോയുടെ 1,748 രൂപയുടെ പ്ലാൻ. അതായത് ഒരിക്കൽ റീചാർജ് ചെയ്താൽ 11 മാസത്തേയ്ക്ക് കാര്യങ്ങൾ നടക്കും. രാജ്യത്തുടനീളമുള്ള ഏത് നെറ്റ്വർക്കിലേക്കും പരിധിയില്ലാത്ത കോളിംഗ്, 3,600 സൗജന്യ എസ്എംഎസ് എന്നിവ കിട്ടും. ജിയോ ടിവിക്ക് പുറമേ 50 ജിബി എഐ ക്ലൗഡ് സ്റ്റോറേജും പ്ലാനിൽ ലഭ്യമാക്കിയിട്ടുണ്ട്.

ബർത്ത്ഡേ പാർട്ടിയിൽ കലഹം, ഗുണ്ടകൾ പരസ്പരം കുത്തിക്കൊന്നു

ചെന്നൈ: ജന്മദിനം ആഘോഷിക്കാൻ ഒത്തു ചേർന്ന മദ്യപന പാർട്ടിയിൽ കലഹം മൂർച്ഛിച്ച് രണ്ട് ഗുണ്ടകൾ പരസ്പരം കുത്തിക്കൊന്നു. ബാലാജി നഗറിലെ മാരാമലൈ നഗറിലാണ് സംഭവം. കൊലപാതകം, മോഷണം തുടങ്ങി വിവിധ പോലീസ് സ്റ്റേഷനുകളിലായി ഇരുപതിലധികം കേസുകൾ ഉള്ളവരാണ് കൊല്ലപ്പെട്ട രണ്ടു പേരും.

ഗോപികണ്ണൻ എന്ന വിമൽ(22) ജഗദീശൻ എന്ന ജഗൻ(21) എന്നിവരാണ് കൊല്ലപ്പെട്ടത്. മാഗി എന്ന സുഹൃത്തിന്റെ ജന്മദിനാഘോഷ ചടങ്ങിനിടെ ഞായറാഴ്ച്ച പുലർച്ചെയാണ് സംഭവം. മദ്യപാനത്തിനിടെ രണ്ടുപേരും വാക്കുതർക്കം തുടങ്ങുകയായിരുന്നുവെന്നാണ് പോലീസ് പറയുന്നത്. പിന്നീട് കത്തിയെടുത്ത് ഇരുവരും കുത്തുകയായിരുന്നു.

സംഭവസ്ഥലത്തു വെച്ചുതന്നെ വിമൽ മരിച്ചു, ജഗൻ ആശുപത്രിയിൽവെച്ചും. വിമലിന്റെയും ജഗന്റെയും വീട്ടുകാർ തമ്മിൽ നേരത്തേ വാക്കുതർക്കം നടന്നിരുന്നുവെന്നും ഇതാകാം കൊലപാതകത്തിലേക്കു നയിച്ചതെന്നും പോലീസ് പറഞ്ഞു. ബർത്ത്ഡേ പാർട്ടിയിൽ പങ്കെടുത്ത എട്ടു പേരെ പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്.

കള്ളൻ കപ്പലിൽ തന്നെ

തൃശൂർ : ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ മോഷണത്തിന് പിന്നിൽ ക്ഷേത്രവുമായി ബന്ധപ്പെട്ടവർ തന്നെയെന്ന് പൊലീസ് നിഗമനം.നിർണായകമായ സിസിടിവി ദൃശ്യങ്ങൾ പൊലീസിന് ലഭിച്ചിട്ടുണ്ട്. ലോക്കർ പൊളിച്ചിട്ടില്ലെന്നും പരിശോധനയിൽ കണ്ടെത്തി. നിലവറകളിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണവുമായി മോഷണത്തിന് ബന്ധമില്ലെന്നും ഫോർട്ട് പൊലീസ് അറിയിച്ചു. ക്ഷേത്ര ഭരണസമിതിയുടെ ലോക്കറിൽ സൂക്ഷിച്ചിരുന്ന 13 പവൻ സ്വർണമാണ് മോഷണം പോയത്.

'വിട്ടുനിൽക്കൽ എളുപ്പമല്ല, പക്ഷേ അതാണ് ശരിയെന്ന് തോന്നുന്നു'–കോലിയുടെ ഹൃദയസ്പർശിയായ കുറിപ്പ്



ന്യൂഡൽഹി:ഹൃദയസ്പർശിയായ കുറിപ്പോടെയാണ് ഇതിഹാസ താരം വിരാട് കോലി ടെസ്റ്റ് ക്രിക്കറ്റിൽനിന്നുള്ള വിരമിക്കൽ പ്രഖ്യാപനം നടത്തിയത്. ടെസ്റ്റ് ക്രിക്കറ്റിനോട് തനിക്കുള്ള വൈകാരിക ബന്ധം വ്യക്തമാക്കിയ കോലി എല്ലാവരോടും നന്ദി പറയുകയും നിറഞ്ഞ ഹൃദയത്തോടെയാണ് താൻ പടിയിറങ്ങുന്നതെന്നും കുറിച്ചു. കഴിഞ്ഞ കുറച്ചുദിവസങ്ങളായി കോലിയുടെ വിരമിക്കൽ സംബന്ധിച്ച അഭ്യൂഹങ്ങൾ ക്രിക്കറ്റ് ലോകത്ത് നിലനിൽക്കുന്നുണ്ടായിരുന്നു.

ടെസ്റ്റ് ക്രിക്കറ്റ് ടീം നായകസ്ഥാനത്ത് തന്റെ പിൻഗാമിയായ രോഹിത് ശർമയുടെ വിരമിക്കൽ പ്രഖ്യാപനത്തിന് പിന്നാലെയാണ് കോലിയും പടിയിറക്കത്തിനുള്ള തീരുമാനം ഇന്ത്യൻ ക്രിക്കറ്റ് ബോർഡിനെ അറിയിച്ചത്. രോഹിതിന്റെ അപ്രതീക്ഷിത വിരമിക്കലിന് പിന്നാലെയുള്ള കോലിയുടെയും പടിയിറക്കം ഇന്ത്യൻ ക്രിക്കറ്റിനെ കാര്യമായി ബാധിക്കുമെന്ന് മനസ്സിലാക്കിയ ബിസിസിഐ സമ്മർദം ചെലുത്തിയെങ്കിലും കോലി തീരുമാനം മാറ്റിയില്ല. ഒടുവിൽ ഇൻസ്റ്റഗ്രാമിലൂടെ വിരമിക്കൽ പ്രഖ്യാപനം നടത്തിയ കോലി ഇങ്ങനെ കുറിച്ചു.

'ഞാൻ ടെസ്റ്റ് ക്രിക്കറ്റിൽ ആദ്യമായി ബാഗി ബ്ലൂ ധരിച്ചിട്ട് 14 വർഷമായി. സത്യസന്ധമായി പറഞ്ഞാൽ, ഈ ഫോർമാറ്റ് എന്നെ ഇവിടംവരെയുള്ള യാത്രയിൽ എത്തിക്കുമെന്ന് ഞാൻ ഒരിക്കലും കരുതിയിരുന്നില്ല. അതെന്നെ പരീക്ഷിച്ചു, എന്നെ രൂപപ്പെടുത്തി, ജീവിതകാലം മുഴുവൻ ഞാൻ ഓർക്കുന്ന പാഠങ്ങൾ പഠിപ്പിച്ചു,' പോസ്റ്റിൽ പറയുന്നു.

വെള്ളവസ്ത്രത്തിൽ കളിക്കുമ്പോൾ വ്യക്തിപരമായ എന്തോ ഒന്ന് അതിലുണ്ട്. നിശ്ശബ്ദമായ കഠിനാധ്വാനം, നീണ്ട ദിവസങ്ങൾ, ആരും കാണാത്തതും എന്നാൽ എന്നെന്നേക്കുമായി നിങ്ങളോടൊപ്പം തങ്ങിനിൽക്കുന്നതുമായ ചെറിയ നിമിഷങ്ങൾ. ഞാൻ ഈ ഫോർമാറ്റിൽ നിന്ന് വിട്ടുനിൽക്കുമ്പോൾ, അത് എനിക്ക് എളുപ്പമുള്ള ഒന്നല്ല, പക്ഷേ അത് ശരിയാണെന്ന് തോന്നുന്നു. എന്റെ കഴിവിന്റെ പരമാവധി ഞാൻ നൽകി, ഞാൻ പ്രതീക്ഷിച്ചതിലും കൂടുതൽ അത് എനിക്ക് തിരികെ നൽകുകയും ചെയ്തു.

കളിയോടും, കളിക്കളത്തിൽ ഒപ്പമുണ്ടായിരുന്നവരോടും, ഈ യാത്രയിൽ എന്നെ ശ്രദ്ധിച്ച ഓരോ വ്യക്തിയോടുമുള്ള കൃതജ്ഞതയോടെ നിറഞ്ഞ ഹൃദയത്തോടെയാണ് ഞാൻ പടിയിറങ്ങുന്നത്. എന്റെ ടെസ്റ്റ് കരിയറിലേക്ക് ഞാൻ എപ്പോഴും ഒരു പുഞ്ചിരിയോടെ തിരിഞ്ഞുനോക്കും' ഇന്ത്യൻ ക്രിക്കറ്റ് ഇതിഹാസം കുറിച്ചു.

'ധീരനായ പോരാളി'; കെ പി സി സി യുടെ ചുക്കാൻ ഏറ്റെടുത്ത് സണ്ണി ജോസഫ്, 100 സീറ്റ് നേടുമെന്ന് വാക്കുനൽകി സതീശൻ

തിരു: സണ്ണി ജോസഫ് എം എൽഎ കെപിസിസി പ്രസിഡന്റായി ചുമതലയേറ്റു. സൗമ്യനും മൃദു സമീപനക്കാരനുമായ സണ്ണി ജോസഫ് ആശയങ്ങളിലും നിലപാടുകളിലും അടിയുറച്ച് നിൽക്കുന്ന ധീരനായ പോരാളിയാണെന്ന് ഇന്ദിരാഭവനിൽ നടന്ന സ്ഥാനമേറ്റെടുക്കൽ ചടങ്ങിൽ എഐസിസി ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ വിശേഷിപ്പിച്ചു.

വർക്കിങ് പ്രസിഡന്റുമാരായി പി.സി. വിഷ്ണുനാഥും എ.പി. അനിൽ കുമാർ, ഷാഫി പറമ്പിൽ എന്നി

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

കെ. കരുണാകരന്റെ സ്മൃതി കുടീരത്തിലെത്തി പുതിയ കെ.പി.സി.സി. നേതൃത്വനിര

ലീഡർ കെ കരുണാകരന്റെ പുങ്കുന്നം മുരളി മന്ദിരത്തിലെ സ്മൃതി കുടീരത്തിലെത്തി നിയുക്ത കെ.പി.സി.സി. പ്രസിഡണ്ട് അഡ്വ. സണ്ണി ജോസഫ് എം.എൽ.എ,വർക്കിംഗ് പ്രസിഡണ്ടുമാരായ പി.സി. വിഷ്ണു നാഥ് എം.എൽ.എ, എ.പി അനിൽ കുമാർ എം.എൽ.എ, ഷാഫി പറമ്പിൽ എം പി എന്നിവർ പുഷ്പാർച്ചന നടത്തി.

ഡി. സി. സി പ്രസിഡണ്ട് അഡ്വ. ജോസഫ് ടാജറ്റ് നേതാക്കളെ ഷാൾ അണിയിച്ച് സ്വീകരിച്ചു. ടി.എൻ. പ്രതാപൻ, എം പി വിൻസെന്റ്, ജോസ് വള്ളൂർ, ടി.വി. ചന്ദ്രമോഹൻ, കെ.കെ. കൊച്ചു മുഹമ്മദ് സുനിൽ അന്തിക്കാട്, രാജേന്ദ്രൻ അരങ്ങത്ത്, ഷാജി കോടങ്കണ്ടത്ത്, എ. പ്രസാദ്, ജോൺ ഡാനിയേൽ, ഡോ. നിജി ജസ്റ്റീൻ,കെ.കെ. ബാബു, കെ.എച്ച്, ഉസ്മാൻ ഖാൻ, അഡ്വ. വി. സുരേഷ് കുമാർ,അഡ്വ. സിജോ കടവിൽ, പി. ശിവശങ്കരൻ, എംഎസ് ശിവരാമകൃഷ്ണൻ,കെ.ബി. ജയറാം, സജീവൻ കുരിയച്ചിറ രവി താണിക്കൽ, ലീലാമ്മ തോമസ്, കെ.പി.രാധാകൃഷ്ണൻ, ആശിഷ് മൂത്തേടത്ത്, ശ്രീകുമാർ മങ്ങാട്ട്. എന്നിവർ സംബന്ധിച്ചു.

തൃപ്രയാർ ടെംപിൾ സിറ്റി ലയൺസ് ക്ലബ് ക്ലോത്ത് ബാങ്ക് പ്രൊജക്ട് വീണ്ടും നടപ്പാക്കി

തൃപ്രയാർ: ലയൺ ക്ലബ്സ് ഇന്റർനാഷണൽ 318D യുടെ ക്ലോത്ത് ബാങ്ക് പ്രൊജക്റ്റ്പ്രകാരം തൃശൂർ ലയൺസ് ക്ലബ്ബിൽ നിന്നും സ്വീകരിച്ച വസ്ത്രങ്ങളുടെ ഒരു ഭാഗം തൃപ്രയാർ ടെംപിൾ സിറ്റി ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ചൂലൂർ യോഗിനിമാത ബാലികസദനത്തിലേക്കു ക്ലോത്ത് ബാങ്ക് ഡിസ്ട്രിക്ട് കോർഡിനേറ്റർ ലയൺ പീതാംബരൻ രാരമ്പത്ത് വിതരണം ചെയ്തു. തൃപ്രയാർ ടെംപിൾ സിറ്റി ക്ലബ്പ്രസിഡന്റ് ലയൺ റിം സക്കറിയ അധ്യക്ഷത വഹിച്ച ചടങ്ങ് റീജിയൺ 1 ചെയർപേഴ്സൺ ലയൺ ആനി ജോസഫ് ഉൽഘാടനം ചെയ്തു. തൃപ്രയാർ ടെംപിൾ സിറ്റി പ്രസിഡന്റ് ക്ലോത്ത് ബാങ്ക് കോർഡിനേറ്റർ പീതാംബരൻ രാരമ്പത്തിനെ പൊന്നാട നൽകി ആദരിച്ചു. സർവീസ് ചെയർപേഴ്സൺ ലയൺ സീമ സകറിയ, ക്ലബ് ട്രഷറർ ജോസ് താടിക്കാരൻ, ലയൺ തോമസ് ഇ.പി, ലയൺ റഷീദ വീരാസൻ വാടാനപ്പള്ളി ലയൺസ് ക്ലബ് എക്സിക്യൂട്ടീവ് മെമ്പർ ലയൺ കെ ആർ മോഹനൻ, ലയൺ മോഹൻ റോയ്,വലപ്പാട് ലയൺസ് ക്ലബ് വി പി ലയൺ ജോസഫ് ബാലികസദനം വൈസ് പ്രസിഡന്റ് വി പി സജീവ്, ട്രഷറർ തിലകൻ, ജോയിന്റ് സെക്രട്ടറി സുനിൽ വാർഡൻ ലീലാമണി എന്നിവർ നേതൃത്വം നൽകി. ജോസ് താടിക്കാരൻ സ്വാഗതവും, യോഗിനിമാത വൈസ് പ്രസിഡന്റ് സജീവ് നന്ദിയും പറഞ്ഞു.

തൃശ്ശൂർ കഥകളിക്ലബ്ബിന്റെ വജ്രജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി

തൃശ്ശൂർ കഥകളി ക്ലബ്ബിന്റെ വജ്ര ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. വൈകീട്ട് മൂന്നു മണിക്ക് ഭാരതീയവിദ്യാഭവൻ തൃശ്ശൂർ കേന്ദ്രത്തിൽ വച്ചു നടന്ന ചടങ്ങിൽ മുൻ ചീഫ്സെക്രട്ടറി ഇ. കെ. ഭാരത് ഭൂഷൺ കഅട അഞ്ചു ദിവസം നീളുന്ന പരിപാടികൾ ഉദ്ഘാടനം ചെയ്തു. ക്ലബ്ബ്രക്ഷാധികാരി പി. കെ. വിജയകുമാർ കഅട അദ്ധ്യക്ഷതവഹിച്ചു. ക്ലബ്ബിന്റെ ഈ വർഷത്തെ ഡോ. കെ. എൻ. പിഷാരടി സ്മാരക സുവർണ്ണമുദ്ര കലാമണ്ഡലം എം. പി. എസ് നമ്പൂതിരിക്കു ഇ. കെ ഭാരത് ഭൂഷൺ സമർപ്പിച്ചു. വാർഷിക സ്മരണിക പി. എൻ വിജയകുമാർ റിട്ടയേർഡ് ജഡ്ജി അഡ്വ ഇഗ ന്നാരായണൻ നമ്പൂതിരിപ്പാടിന് നൽകി പ്രകാശനം ചെയ്തു. സർവ്വ മംഗള മാനേജിങ്ങ് ട്രസ്റ്റി ഡോ. അജയ്യകുമാർ കലാമണ്ഡലം ഹൈദരാലി സ്മാരക സമുച്ചയത്തിനുള്ള ആദ്യ സംഭാവന കഥകളി ക്ലബ്ബ്പ്രസിഡന്റിനു കൈമാറി. എം പി എസ് നമ്പൂതിരി മറുപടിയും ജോയിന്റ് സെക്രട്ടറി ഗോപി കൃഷ്ണൻ നന്ദിയും പറഞ്ഞു

തുടർന്ന് കലാമണ്ഡലം ബാലസുബ്രഹ്മണ്യൻ കലാമണ്ഡലം ബാബു നമ്പൂതിരി കലാമണ്ഡലം കൃഷ്ണദാസ് കലാമണ്ഡലം ഹരിഹരൻ എന്നിവർ പങ്കെടുത്ത കിർമ്മീരവധം കഥകളിയും ഉണ്ടായി

തൃശൂർ ജില്ല ഗ്യാസ് ആന്റ് പെട്രോളിയം വർക്കേഴ്സ് യൂണിയൻ(സി.ഐ.ടി.യു.) ജില്ല കൺവെൻഷൻ തൃശൂരിൽ എൻ.കെ. അക്ബർ എം.എൽ.എ.ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു

കേരള പ്രിൻസിപ്പൽ കൗൺസിലിന്റെ വാർഷിക പൊതുയോഗവും യാത്രയയപ്പ് സമ്മേളനവും

തൃശൂർ: കേരളത്തിലെ ഗവൺമെൻറ് എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ ഏക സംഘടനയായ കേരള പ്രിൻസിപ്പൽസ് കൗൺസിലിന്റെ വാർഷിക പൊതുയോഗവും വിരമിക്കുന്ന പ്രിൻസിപ്പൽമാർക്കുള്ള യാത്രയയപ്പ് യോഗവും മെയ് 12, 13 തീയതികളിൽ തൃശ്ശൂർ സെൻറ് തോമസ് കോളേജിൽ നടക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന ഉന്നത വിദ്യാഭ്യാസ മേഖല ഉയർത്തുന്ന വെല്ലുവിളികൾ നേരിടുന്നതിനും സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും കോളേജുകളെ പ്രാപ്തരാക്കുക എന്നതാണ് ഈ വർഷത്തെ വാർഷിക സമ്മേളനത്തിന്റെ പ്രമേയം. റവന്യൂ-ഭവന വകുപ്പ് മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ, കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസിലർ പ്രൊഫസർ പി രവീന്ദ്രൻ മുഖ്യപ്രഭാഷണം നടത്തും. സ്വകാര്യ സർവകലാശാലകൾ കേരളത്തിൽ തുടങ്ങാനിരിക്കുന്ന സാഹചര്യത്തിൽ, സ്വകാര്യ സർവകലാശാലകളുടെ സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തിൽ കാരുണ്യ സർവ്വകലാശാല മുൻ വൈസ് ചാൻസിലർ പ്രൊഫസർ ഈ. ജെ. ജെയിംസ് പ്രഭാഷണം നടത്തും.

പ്രിൻസിപ്പൽസ് കൗൺസിലിന്റെ സ്ഥാപകരിൽ ഒരാളായ ഫാ. മാത്യു മലേപറമ്പിൽ സ്മാരക പ്രഭാഷണം മുൻ ചീഫ് സെക്രട്ടറി ശ്രീ കെ ജയകുമാർ ഐഎഎസ് (റിട്ട) നിർവഹിക്കും. വിരമിക്കുന്ന പ്രിൻസിപ്പൽമാർക്കുള്ള യാത്രയയപ്പ് യോഗം തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യും. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ അനുഗ്രഹപ്രഭാഷണം നിർവഹിക്കും. പ്രൊഫസർ കൽപ്പറ്റ നാരായണൻ യാത്രയയപ്പ് യോഗത്തിൽ മുഖ്യാതിഥി ആയിരിക്കും.

തൃശൂർ മേഖല ഉന്നത വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഡോക്ടർ പി എസ് മനോജ് കുമാർ യോഗത്തിൽ സന്ദേശം നൽകും. കേരളത്തിലെ വിവിധ കോളേജുകളിലെ 150 ഓളം പ്രിൻസിപ്പൽമാർ പ്രതിനിധികൾ ആകുന്ന ഈ യോഗത്തിൽ കേരളത്തിലെ കോളേജുകൾ നേരിടുന്ന വിവിധ വിഷയങ്ങളെ പറ്റിയുള്ള പൊതു ചർച്ചയും ഉണ്ടായിരിക്കും.

സമരാഗ്നി ജ്വലനം നാളെ പൊതുസമ്മേളനം

കല്ലേറ്റുംകര : കല്ലേറ്റുംകരയിലെ ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനോടുള്ള മൂന്നര പതിറ്റാണ്ടായി തുടരുന്ന അവഗണനയിൽ പ്രതിഷേധിച്ചു. 2025 മാർച്ച്15നു ആരംഭിച്ച റെയിൽവേ സ്റ്റേഷൻ വികസന സമരം സമരാഗ്നി ജ്വലനം 60 ദിവസം തികയുന്ന 2025 മെയ് 13 ചൊവ്വാഴ്ച 10മണിക്ക് റെയിൽവേ പാലത്തിനു മുന്നിൽ പൊതു സമ്മേളനം.

സി ആർ നീലകണ്ഠൻ ഉത്ഘാടനം ചെയ്യും. ടി എം ചന്ദ്രൻ സമര സന്ദേശം നൽകും. കേരള നെൽവയൽ സംരക്ഷണ നിയമ നിർമ്മാണത്തിന് സംസ്ഥാന സർക്കാരിനെ പ്രേരിപ്പിച്ച മുരിയാട് കർഷക മുന്നേറ്റം അടക്കം കേരളത്തിനകത്തും പുറത്തും നൂറു കണക്കിന് ജനകീയ സമരങ്ങൾക്ക് മുഖ്യസംഘാടകനായ വർഗ്ഗീസ് തൊടുപറമ്പിൽ സംഘടിപ്പിച്ചിട്ടുള്ളറെയിൽവേ സ്റ്റേഷൻ സമരം വിജയം കാണാതെ പിന്മാറില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് ശക്തമായി മുന്നോട്ട് പോകുകയാണ്.

കെ എസ് ആർ ടി സി സ്റ്റാന്റിനു മുൻമ്പിൽ മനുഷ്യ ജീവൻ പൊലിയുന്നതിനെതിരെ യൂത്ത് കോൺഗ്രസ്സ് പ്രതിഷേധം

പുതുക്കാട്: മരണ കെണിയായ പുതുക്കാട് KSRTC യുടെ മുൻമ്പിലുള്ള ദേശീയ പാതയിൽ നിരവധി ജീവൻ പൊലിഞ്ഞിട്ടും,ജനജീവിതം ദുസ്സഹമായിട്ടും കണ്ണ് തുറക്കാത്ത സർക്കാർ സംവിധാനങ്ങളുടെയും, ദേശീയപാത അധികൃതരുടെയും നടപടിയിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ് പുതുക്കാട് നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കെഎസ്ആർടിസി ബസ്സ് സ്റ്റാന്റിന് മുൻവശത്ത് പ്രതികാത്മക ശവമഞ്ചം വച്ച് പ്രതിഷേധ ധർണ്ണ നടത്തി.

യൂത്ത് കോൺ നിയോജക മണ്ഡലം പ്രസിഡണ്ട് ഫൈസൽ ഇബ്രാഹിം അദ്ധ്യക്ഷതയിൽ DCC ജനറൽ സെക്രട്ടറി സെബി കൊടിയൻ ഉൽഘാടനം ചെയ്തു.

സിന്റോ പയ്യപ്പള്ളി, ലിനോ മൈക്കിൾ, പി പി ചന്ദ്രൻ, ഹരൻ ബേബി, പ്രതീഷ്, ജിതിൻ പ്രിൻസ്, അഭയൻ, അഭിഷേക്, എഡ്വിൻ ആന്റോ ലിൻസൻ പല്ലൻ,എ എൽ ജോയി, ബിനോയ് കൊടിയൻ, സൈമൻ മാടമ്പി, KV കല്യാണി, ചാക്കോച്ചൻ, ഷാജു ചീനാൻ, ജസ്റ്റിൻ ജോണി, KL ജോസ്, PCജയൻ എന്നിവർ സംസാരിച്ചു.

നാച്ചു വധക്കേസ്: എല്ലാ പ്രതികൾക്കും ഇരട്ട ജീവപരന്ത്യവും 13 ലക്ഷം രൂപ പിഴയും

തൃശൂർ: കാളത്തോട് നാച്ചു വധക്കേസിൽ എല്ലാ പ്രതികൾക്കും ഇരട്ട ജീവപരന്ത്യവും 13 ലക്ഷം രൂപ പിഴ യും ശിക്ഷ വിധിച്ചു. തൃശൂർ അഡീഷ്ണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജ് ആയ ടി കെ മിനിമോൾ ആണ് ശിക്ഷ വിധിച്ചത്.

2021 ഒക്ടോബർ 22-നാണ് സി ഐടിയു യൂണിയൻ തൊഴിലാളിയായ നാച്ചു എന്ന ഷമീറിനെ (39) പോപ്പുലർ ഫ്രണ്ട് പ്രവർത്തകരായ വെട്ടുക്ക പറമ്പിൽ ഇസ്മയിൽ മകൻ ഷാജഹാൻ (50) വലിയകത്ത് ഷാജി മകൻ ഷബീർ (30) പരിക്കുന്നു വീട്ടിൽ അബ്ദാസ് മകൻ അമൽ സാലിഹ് (31) എന്നിവർ ചേർന്ന് പകൽ 3:30 മണിക്ക് കാളത്തോട് മുസ്ലിം പള്ളിയുടെ മുൻവശത്തുള്ള പാർപ്പിടം റോഡിൽ വച്ച് മാരകായുധങ്ങളായ കൊടുവാൾ വടിവാൾ ഇരുമ്പു വടി എന്നിവ ഉപയോഗിച്ച് ഭീകരമായ അന്തരീക്ഷം സൃഷ്ടിച്ച് ആക്രമിച്ച് കൊലപ്പെടുത്തിയത്. കൊറോണ കാലഘട്ടത്തിൽ മീൻ ബിസിനസ് തുടങ്ങിയ നാച്ചു ആയത് സപ്ലൈ ചെയ്യുന്നതിനായി ടിയാന്റെ ബന്ധുവിന്റെ ട്രക്കിൽ കാളത്തോട് ഇന്ത്യൻ ബാങ്കിന്റെ മുൻവശം വന്നു സുഹൃത്തിനോട് സംസാരിച്ചു നിൽക്കുമ്പോഴാണ് ഓട്ടോറിക്ഷയിൽ എത്തിയ പ്രതികൾ ആക്രമിച്ച് പാർപ്പിടം റോഡിൽ വച്ച് വെട്ടിക്കൊലപ്പെടുത്തിയത്.മണ്ണുത്തി പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ പോപ്പുലർ ഫ്രണ്ട് പ്രവർത്തകരുടെ ഗൂഢാലോചനയുണ്ടെന്ന് കണ്ടതിനെ തുടർന്ന് സി ഐ ശശിധരൻപിള്ളയുടെ നേതൃത്വത്തിൽ നടന്ന അന്വേഷണത്തിലാണ് 3 മുതൽ 6 വരെ പ്രതികളായ വലിയ കത്ത് മുഹമ്മദ് കുട്ടി മകൻ ഷിഹാസ് (40) കാട്ടുപറമ്പിൽ ഉസ്മാൻ മകൻ നവാസ് (47) പോക്കാക്കില്ലത്ത് വീട്ടിൽ അബൂബക്കർ മകൻ സൈനുദ്ദീൻ (51) എന്നിവരും നാലാം പ്രതി ഷിഹാസ് ന്റെ വീട്ടിൽ നടന്ന ഗൂഢാലോചനയിൽ പങ്കെടുത്തിട്ടുണ്ട് എന്ന് തെളിയിക്കുന്ന സിസി ടിവി ദൃശ്യങ്ങൾ പോലീസിനെ ലഭ്യമായത്. കൊലപാതക ദൃശ്യങ്ങൾ പതിഞ്ഞ ഇന്ത്യൻ ബാങ്ക് സ്കൈലൈൻ അപ്പാർട്ട്മെൻറ് എന്നിവിടങ്ങളിലെ സിസിടിവി ദൃശ്യങ്ങൾ കോടതിയിൽ ഹാജരാക്കാനും ഗൂഢാലോചന അടക്കമുള്ള സിസിടിവി ദൃശ്യങ്ങൾ ശാസ്ത്രീയമായി തെളിയിക്കാനും പ്രോസിക്യൂഷന് സാധിച്ചു. കേസിന്റെ വിവിധ ഘട്ടങ്ങളിൽ സാക്ഷികൾ അടക്കമുള്ളവർക്ക് പലതവണ ഭീഷണി നേരിട്ടതിനെ തുടർന്ന് സ്പെഷ്യൽ വിറ്റ്നസ് പ്രൊട്ടക്ഷൻ കാറ്റഗറിയിലാണ് ഈ കേസ് ഉൾപ്പെടുത്തിയിരുന്നത്. കേരള ഹൈക്കോടതി പ്രതികളെ ഈ കേസിന്റെ ആവശ്യത്തിനല്ലാതെ തൃശ്ശൂർ ജില്ലയിലേക്ക് കടക്കുന്നത് ഉത്തരവുപ്രകാരം വിലക്കിയിരുന്നു. വിചാരണയുടെ പല ഘട്ടത്തിലും സംഘർഷഭരിതമായ സാഹചര്യം ഉണ്ടായതിനെ തുടർന്ന് പോലീസ് കമ്മീഷണർ സ്പെഷ്യൽ പ്രൊട്ടക്ഷൻ ടീമിനെ ഏർപ്പെടുത്തിയാണ് വിചാരണ നടത്തിയിരുന്നത്.68 സാക്ഷികളെ വിസ്തരിച്ച കേസിൽ 207 ഓളം രേഖകളും 22 ഓളം തൊണ്ടിമുതലുകളും പ്രോസിക്യൂഷൻ കോടതിയിൽ ഹാജരാക്കി.പ്രതികളുടെ ഗൂഢാലോചന തെളിയിക്കുന്നതിനായി കോടതിയിൽ പ്രതികൾ 2021 ഒക്ടോബർ 15 മുതൽ നടത്തിയ ഫോൺ സംഭാഷണത്തിന്റെ ഡീറ്റെയിൽസ് കോടതിയിൽ പ്രോസിക്യൂഷൻ ഹാജരാക്കിയിരുന്നു.അടക്കമുള്ള സൈബർ ഫോറൻസിക് റിപ്പോർട്ടുകളും ഡി എൻ എൽ റിപ്പോർട്ടുകളും റിപ്പോർട്ടുകളും മറ്റു ഫോറൻസ് തെളിവുകളും പ്രോസിക്യൂഷൻ ഉപയോഗിച്ചു.

പ്രോസിക്യൂഷന് വേണ്ടി ജില്ലാ പബ്ലിക് പ്രോസിക്യൂട്ടർ കെ ബി സുനിൽകുമാർ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വക്കേറ്റ് ലിജിമധു എന്നിവരാണ് ഹാജരായത്.

നിര്യാതയായി ആനി

പുതുക്കാട്: ചെങ്ങാലൂക്കാരൻ ജോർജ് (Late) ഭാര്യ ആനി 78 വയസ്സ് നിര്യാതയായി. സംസ്കാര കർമ്മം ഇന്ന് തിങ്കളാഴ്ച ഉച്ചതിരിഞ്ഞ് 3.30 ന് പുതുക്കാട് സെന്റ് ആന്റ്ണിസ് ഫൊറേന പള്ളി സെമിത്തേരിയിൽ. മക്കൾ: ജാൻസി, വിൽസൻ, ജെയ്സൻ, ജെൻസി. മരുമക്കൾ-ജോയ്, ശീതൾ, ജാസ്മിൻ, ബൈജു

ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിൽ ഇന്ന് നടന്ന ശീവേലി പല്ലാട്ട് ബ്രഹ്മദത്തൻ തിടമ്പേറ്റി

കൂടൽമാണിക്യം ഉത്സവത്തിന്റെ ഭാഗമായി, ആർദ്രം പാലിയേറ്റീവ് കെയർ സെന്ററിന്റെ നേതൃത്വത്തിൽ തെക്കേ നടയിലെ ഓഫീസിന് മുമ്പിൽ നടത്തപ്പെടുന്ന സംഭാര വിതരണത്തിന്റെ ഉദ്ഘാടനം കഥകളിയാചാര്യനും 2025-ലെ മാണിക്യശ്രീ പുരസ്കാര ജേതാവുമായ രാഘവനാശാൻ നിർവഹിച്ചു. ചടങ്ങിൽ ആർദ്രം പാലിയേറ്റീവ് കെയർ സെന്ററിന്റെ ഭാരവാഹികളും നിരവധി ഭക്തജനങ്ങളും പങ്കെടുത്തു.

ലോകനഴ്സസ് ദിനം;സംസ്ഥാന പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

തൃശൂർ : സർക്കാർ ആശുപത്രികളിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ച നഴ്സുമാർക്കുള്ള സംസ്ഥാനതല അവാർഡ് (സിസ്റ്റർ ലിനി പുതുശ്ശേരി അവാർഡ്) മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു.ആരോഗ്യവകുപ്പിൽ ജനറൽ നഴ്സിങ് വിഭാഗത്തിൽ സംസ്ഥാനതല പുരസ്കാരം ഇടുക്കി ജില്ലാ ആശുപത്രി നഴ്സിങ് ഓഫീസർ അരുൺ കുമാർ പി.എം., പബ്ലിക് ഹെൽത്ത് നഴ്സിങ് വിഭാഗത്തിൽ സംസ്ഥാനതല പുരസ്കാരം ഇടുക്കി വാളറ ദേവിയാർ കുടുംബാരോഗ്യകേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ജി. ജോൺ എന്നിവർക്കാണ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജനറൽ നഴ്സിങ് വിഭാഗം സംസ്ഥാനതലത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്എടി ആശുപത്രി സീനിയർ നഴ്സിങ് ഓഫീസർ ജ്യോതി കെ., ജില്ലാതലത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് സീനിയർ നഴ്സിങ് ഓഫീസർ ഷാനിഫ ബീവി എച്ച് എന്നിവർ പുരസ്കാരത്തിന് അർഹരായി.

യുവജനതാദൾ (എസ്) തൃശ്ശൂർ ജില്ലാ കൺവെൻഷൻ

തൃശൂർ: യുവജനതാദൾ (എസ്) തൃശ്ശൂർ ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലാ കൺവെൻഷൻ യുവജനതാദൾ (എസ്) സംസ്ഥാന ജനറൽ സെക്രട്ടറി വിപിൻ ചന്ദ്രൻ ഉദ്ഘാടനം ചെയ്തു.

യുവജനതാദൾ (എസ്) ജില്ലാ പ്രസിഡന്റ് കെ. രഞ്ജിത്ത് അദ്ധ്യക്ഷത വഹിച്ചു.ഇന്ത്യയുടെ പരമാധികാരം സംരക്ഷിക്കുന്നതിനായി രക്തസാക്ഷിത്വം വരിച്ച ധീര ജാവന്മാർക്ക് കൺവെൻഷനിൽ അഭിവാദ്യം അർപ്പിച്ചു. കൺവെൻഷനിൽ ജനതാദൾ (എസ്) ജില്ലാ പ്രസിഡന്റ് അഡ്വ സി.ടി ജോഫി മുഖ്യപ്രഭാഷണം നടത്തി. യുവജനതാദൾ (എസ്) സംസ്ഥാന ട്രഷറർ രതീഷ് പാപ്പനംകോട് സംസ്ഥാന കമ്മറ്റി അംഗങ്ങളായ പി. എം ഉമേഷ്, എം. എം അൻസാർ, ജില്ലാ ജനറൽ സെക്രട്ടറി വി. എസ് ഷിജിത്ത്, കെ. എസ് സുധീഷ്, സി. ബി സിബു,എം. എം മുവിത്ത്, മനു, ഡിജിത്ത, ജോൺ വാഴപ്പിള്ളി, നാരായണൻ നമ്പൂതിരി, സി. ഡി ഔസേപ്പ്, ഷൈലജ ഷൈലൂസ്, അശ്വതി സജേഷ്, വിനീത,എം. ജിഷ്ണു, വിനോദ് കുന്നംകുളം, എന്നിവർ സംസാരിച്ചു.

2024-25 അധ്യായന വർഷത്തെ എസ് എസ് എൽ സി പരീക്ഷയിൽ മുഴുവൻ വിഷയത്തിലും ഫുൾ എ പ്ലസ് നേടിയ അമിത് കെ സത്യ കുരിയച്ചിറ സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥിയാണ്.

സീനിയർ ജോണലിസ്റ്റ്സ് ഫോറം തൃശൂർ ജില്ലാ വൈസ് പ്രസിഡന്റ് വി.എം. രാധാകൃഷ്ണൻ രചിച്ച 'സൗഹൃദം പൂത്ത വഴിത്താരകൾ' പുസ്തകം മൂന്നാം ഭാഗത്തിന്റെ പ്രകാശനം കെ രാധാകൃഷ്ണൻ എംപി മുൻ മന്ത്രി എ.സി. മൊയ്തീന് ആദ്യ കോപ്പി നൽകി പ്രകാശനം ചെയ്യുന്നു. ഫോറം പ്രസിഡന്റ് അലക്സാണ്ടർ സാം അടക്കമുള്ള പൗരപ്രമുഖർ പങ്കെടുത്തു.

കോടതി പരസ്യം

ബഹുമാനപ്പെട്ട തൃശൂർ MACT മുമ്പാകെ

OP(MV): 657/2022

വേലായുധൻ ജി കെ etc.

-ഹരജിക്കാർ

Jishan James, Kallingal House, Chalakkudy P.O., West Chalakkudy, Thrissur, Kerala-680307

-1-ാംഎതൃകക്ഷി

മേൽ നമ്പ്രിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **20-05-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 12-05-2025

ഹരജിഭാഗം അഡ്വക്കെറ്റ്സ്

പി എസ് ഷോണിത്ത് & പി. ഡി ജോസ് (ഒപ്പ്)

കോടതി പരസ്യം

ബഹുമാനപ്പെട്ട തൃശൂർ MACT മുമ്പാകെ

OP(MV): 1675/2022

Fathima etc.

-Petitioners

1) Sukhchain Singh, S/o. Kaka Singh, House No. 108, Village Sounda, Ambala P.O., Pin-133001, Hariyana
2) Jagtar Singh, S/o. Amar Singh, Villsarala Khurd House, Patiala, Punchab State, Pin-147001

-1 & 2 Respondents

മേൽ നമ്പ്രിൽ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **23-05-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 12-05-2025

ഹരജിഭാഗം അഡ്വക്കെറ്റ്സ്

പി എസ് ഷോണിത്ത് & പി. ഡി ജോസ് (ഒപ്പ്)

കോടതി പരസ്യം

ബഹുമാനപ്പെട്ട തൃശൂർ MACT മുമ്പാകെ

OP(MV): 2323/2022

Satheesan K. V.

-Petitioner

Mini, D/o. Unnikrishnan, Panthayil House, Vadakkekkad, Kallur P.O., Thrissur-679562

1st Respondent

മേൽ നമ്പ്രിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **26-05-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 12-05-2025

ഹരജിഭാഗം അഡ്വക്കെറ്റ്സ്

പി എസ് ഷോണിത്ത് & പി. ഡി ജോസ് (ഒപ്പ്)

കോടതി പരസ്യം

ബഹുമാനപ്പെട്ട തൃശൂർ MACT മുമ്പാകെ

OP(MV): 2229/2022

Sini

-Petitioner

Muhammed Anas, S/o. Mohammed Ali, Meenathur House, Kavancheri P.O., Malappuram Dist. -676561

1st Respondent

മേൽ നമ്പ്രിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **23-05-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 12-05-2025

ഹരജിഭാഗം അഡ്വക്കെറ്റ്സ്

പി എസ് ഷോണിത്ത് & പി. ഡി ജോസ് (ഒപ്പ്)

കോടതി പരസ്യം

മതിലകം ബ്ലോക്ക് ഗ്രാമ ന്യായാലയ മുമ്പാകെ

OS: 65/2023

കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് മാടവന ദേശത്ത് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്ന മാടവന ഗ്രാമ വ്യവസായ സഹകരണ സംഘം

-വാദി

1) കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് ദേശത്ത് കല്ലുങ്ങൽ മുഹമ്മദാലി ഭാര്യ റുക്കിയ
2) ടി താലൂക്ക് വില്ലേജ് ദേശത്ത് തൈവ